"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - എക്സൈസ് വകുപ്പിൽ മാവേലിക്കര എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവേ 12/04/2021-ന് മരണപ്പെട്ട വി. വിജയമ്മയുടെ മകൻ ശ്രീ. അഖിൽ സുരേന്ദ്രൻ-ന് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/TAXES തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-
1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി.&എ.ആർ.ഡി
2. ശ്രീ. അഖിൽ സുരേന്ദ്രൻ 20.01.2023, 02.07.2025 തീയതികളിൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 21.02.2023-ലെ EXC/6523/2022-XM7 നമ്പർ കത്ത്
4. ആലപ്പുഴ ജില്ലാകളക്ടറുടെ 24.05.2024-ലെ DCALP/4421/2023-A7 നമ്പർ കത്ത്
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 07.03.2026-ലെ എസ്.ഡി3/8/2026-ജി.എ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിൽ മാവേലിക്കര എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 12/04/2021 ന് മരണപ്പെട്ട വി വിജയമ്മയുടെ മകൻ ശ്രീ അഖിൽ സുരേന്ദ്രൻ സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (2)-ലെ 20.01.2023 തീയതിയിൽ സമർപ്പിച്ച

അപേക്ഷ പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് പരാമർശം (2)-ലെ 02.07.2025 തീയതിയിലെ അപേക്ഷ പ്രകാരം തസ്തികമാറ്റം വഴി അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

2) 04/03/2004-ൽ സർവ്വീസിൽ പ്രവേശിച്ച വി വിജയമ്മ 12/04/2021 ൽ മരണപ്പെട്ടു. സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾക്ക് 17 വർഷത്തേയും 01 മാസത്തേയും 08ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ് വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരുംതന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാവേലിക്കര തഹസീൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീ അഖിൽ സുരേന്ദ്രൻ മരണപ്പെട്ട വി വിജയമ്മയുടെ മകനും നിയമാനുസരണമുള്ള അനന്തരാവകാശിയുമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റവകാശികൾ ശ്രീ അഖിൽ സുരേന്ദ്രന് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ അഖിൽ സുരേന്ദ്രൻെറ ജനനതീയതി 05/01/1995 ആണ്. സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് 27വയസ്സ് പൂർത്തിയായിട്ടുണ്ട്. കുടുംബത്തിന്റെ വാർഷിക വരുമാനം 48000/ -രൂപയാണ്. ആയത് ആശ്രിത നിയമനത്തിനുള്ള വരുമാന പരിധിയിലാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണറും ആലപ്പുഴ ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുമുണ്ട്.

3) അപേക്ഷകൻ SSLC പരീക്ഷയും പ്ലസ്ടുവും പാസ്സായിട്ടുണ്ട്. ആയതിനാൽ ശ്രീ. അഖിൽ സുരേന്ദ്രൻ-ന് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ടിയാന് പി.എസ്.സി നിശ്ചയിച്ചിട്ടുള്ള യോഗ്യതയായ **Physical Measurements, Endurance Test , Physical Efficiency Test** എന്നിവ നടത്തി ടി തസ്തികയിൽ

നിയമിക്കുന്നതിനായി ടിയാൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണോ എന്നും നിയമനം നൽകുന്നതിനുള്ള ഒഴിവുണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അറിയിച്ചിരുന്നതിൽ ടി തസ്തികയിൽ നിയമിക്കുന്നതിന് ശ്രീ. അഖിൽ സുരേന്ദ്രൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണെന്ന് ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പരാമർശം (5) പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ശ്രീ. അഖിൽ സുരേന്ദ്രനെ നിയമിക്കുവാൻ അനുവദിച്ചിട്ടുള്ളതായി പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അറിയിച്ചിരുന്നു. അപേക്ഷകൻ ആലപ്പുഴ ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഒഴിവുകളുള്ളത് ഏത് ജില്ലയിലാണെന്ന് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് വ്യക്തമാക്കിയിട്ടില്ല.

4) ഈ സാഹചര്യത്തിൽ, എക്സൈസ് വകുപ്പിൽ മാവേലിക്കര എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവേ 12/04/2021 ന് മരണപ്പെട്ട വി. വിജയമ്മയുടെ മകൻ ശ്രീ. അഖിൽ സുരേന്ദ്രൻ-ന് (ചെമ്പള്ളിൽ തെക്കതിൽ, തെക്കേക്കര പി.ഒ, മാവേലിക്കര, ആലപ്പുഴ, 690107) സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവിൽ ആലപ്പുഴ ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകുന്നതിനും ആലപ്പുഴ ജില്ലയിൽ ഒഴിവുണ്ടാകുന്ന സമയത്ത് ടിയാന് ടിയാന്റെ സീനിയോറിറ്റി നഷ്ടമാവാതെ ആലപ്പുഴ ജില്ലയിലേക്ക് നിയമനം നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) ഓരോ ജില്ലയിലും ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി മാറ്റി വയ്ക്കാവൂ എന്ന നിലവിലുള്ള ചട്ടങ്ങൾ പാലിച്ച്, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ പരിശോധിച്ച്, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ് ശ്രീ. അഖിൽ സുരേന്ദ്രൻ-ന് നിയമന ഉത്തരവ്

പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

6) ശ്രീ. അഖിൽ സുരേന്ദ്രൻ-ന് നിയമനം നൽകിയ വിവരം പരേതയുടെ സർവ്വീസ് ബുക്കിലും പരേതയുടെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ആശ്രിത നിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

7) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. ശ്രീ അഖിൽ സുരേന്ദ്രൻ, (ചെമ്പള്ളിൽ തെക്കതിൽ, തെക്കേക്കര പി.ഒ, മാവേലിക്കര, ആലപ്പുഴ, 690107) (By registered post with AD)
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
5. ജില്ലാ കളക്ടർ, ആലപ്പുഴ
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

7. പൊതു ഭരണ (സർവ്വീസസ് - ഡി) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/34/2023-നികുതി

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 06-05-2026 17:15:25